# കളിമണ്ണെടുപ്പ് സമരം ഒത്തുതീർപ്പ് ഫലപ്രദമല്ല

തൃശ്ശൂർ ജില്ലയിൽ ഓടു വ്യവസായ ശാലകളെ നിശ്ചലമാക്കിയ ഇരട്ട സമരത്തിന് തൽക്കാലം വിരാമമായിരിക്കയാണ് കളിമണ്ണ് ശേഖരിക്കാനുള്ള നിയന്ത്രണങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ആദ്യം മുതലാളിമാരും മണ്ണെടുക്കാൻ പെർമിറ്റ് നിർബന്ധമാക്കരുതെന്നാവശ്യപ്പെട്ട് പിന്നീട് മേസ്തിരിമാരും സമരം നടത്തി. രണ്ടു സമരവും സർക്കാർ ഒത്തുതീർപ്പാക്കിയത് മുതലാളിമാർക്ക് കീഴടങ്ങിയാണ്.

തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു എന്ന ന്യായം മാത്രമാണ് പരിഗണിച്ചത്.

മണ്ണ് ഉപയോഗിച്ചുള്ള ഒരു പരമ്പരാഗത വ്യവസായത്തിൽ ആയിരക്കണക്കിനു പേരുടെ തൊഴിൽ പ്രശ്നമുണ്ട്. പക്ഷേ തൊഴിൽ നിലനിർത്തൽ എന്ന പ്രചാരണത്തിലൂടെ ജനങ്ങളെ നിശബ്ദരാക്കിയശേഷം മുതലാളിമാരും മേസ്തിരിമാരും നിയമ വിരുദ്ധമായ പ്രവർത്തനമാണ് നടത്തുന്നത്.

തൃശൂരിലുണ്ടായ പ്രശ്നം നോക്കാം. കളിമണ്ണ് എടുക്കുന്ന സ്ഥലത്ത് അത്ര തന്നെ വേറെ മണ്ണിട്ടു നികത്തി കൃഷിക്ക് യോഗ്യമാക്കണമെന്നും നിർബന്ധമുണ്ട്. എടുക്കുന്ന കളിമണ്ണിന് മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന് റോയൽറ്റി നൽകണം. നിയമപരമായി പെർമിറ്റില്ലാത്തവർക്ക് കളിമണ്ണ് എടുക്കാൻ അനുവാദവുമില്ല.



എന്നാൽ കളിമണ്ണെടുത്ത ഭാഗം പകരം മണ്ണിട്ടു നികത്തണമെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല. പെർമിറ്റ് ഇല്ലാത്തവർ, അനുവാദം ചോദിക്കാതെ തന്നെ മണ്ണ് എടുക്കുന്നു. എടുക്കുന്ന മണ്ണിന് റോയൽറ്റി നൽകാൻപോലും പറ്റില്ലെന്ന നിലപാടിലാണ് മുതലാളിമാരും കരാറുകാരും. ഈ ആവശ്യങ്ങളാണ് ഇവരുടെ സമരത്തിനു പിന്നിൽ.

തൊഴിൽശാല നടത്തുന്ന മുതലാളിയുടെ ലക്ഷ്യം ലാഭം തന്നെയാണ്. മണ്ണ് എന്ന പൊതുമുതൽ എടുത്താണ് മുതലാളി ഉല്പാദനം നടത്തിക്കുന്നത്. പൊതുമുതൽ ഉപയോഗിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണം പാലിക്കാൻ അവർ തയ്യാറല്ല. ഇത് തികഞ്ഞ ധിക്കാരമാണ്.

എന്നാൽ റോയൽറ്റി ഈടാക്കുന്നതുൾപ്പെടെയുള്ള നിയന്ത്രണങ്ങൾ രണ്ടുമാസത്തേക്ക് ഇളവു ചെയ്യാമെന്ന് വ്യവസായമന്ത്രി ഉറപ്പുനൽകി. മുതലാളിമാർ സമരം നിർത്തി. പെർമിറ്റ് ഇല്ലാതെ മണ്ണെടുക്കാൻ പറ്റില്ലെന്ന ആജ്ഞ അനുസരിക്കാൻ പറ്റില്ലെന്ന പേരിൽ തുടർന്ന് കളിമണ്ണ് എത്തിച്ചുകൊടുക്കുന്ന കരാറുകാർ സമരത്തിലായി. നൂറോളം ഓട്ടുകമ്പനികൾ അടച്ചിടേണ്ടിവന്നു.

പെർമിറ്റ് ഇല്ലാതെയും മണ്ണെടുക്കാമെന്ന 'വാക്കാൽ' അനുവാദത്തോടെയാണത്രെ ഇപ്പോൾ കരാറുകാരുടെ സമരവും തീർന്നത്. റവന്യൂവകുപ്പ് ഇതു സംബന്ധിച്ച് ഉത്തരവൊന്നും ഇറക്കിയിട്ടില്ല. ആ അർത്ഥത്തിൽ വകുപ്പിൻെറ നിയമത്തിനു വിരുദ്ധമായാണ് മണ്ണെടുപ്പ് തുടങ്ങുന്നത്. അധികൃതർ തടസ്സപ്പെടുത്തിയാൽ മണ്ണെടുപ്പ് നിർത്തുമെന്ന ഭീഷണിയും മേസ്തരീസ് അസോസിയേഷൻ മുഴക്കിയിട്ടുണ്ട്. അതേസമയം മണ്ണെടുപ്പിന് ധൃതിയിൽ പെർമിറ്റ് നൽകാനും ആർ.ഡി.ഒ. നീക്കം തുടങ്ങിയിട്ടുണ്ട്.

ഒരു പൊതുമുതൽ, അതും മണ്ണ്, ലാഭേച്ഛയോടെ ഒരുപിടി ആളുകൾക്ക് ഒരു ലക്ഷ്യമില്ലാതെ ഉപയോഗിക്കാൻ നിയന്ത്രണങ്ങളിൽ വലിയ ഇളവ് നൽകണമോ? ജനഹിതമാണ് ലക്ഷ്യമെങ്കിൽ നിലവിലുള്ള ചട്ടങ്ങളെങ്കിലും നടപ്പാക്കാനുള്ള ബാധ്യത സർക്കാരിനില്ലേ? സാധാരണക്കാരന് പൊതുമുതലിൽ തൊടാനർഹതയില്ല. സാമ്പത്തിക സ്വാധീനമുള്ളവർക്ക് നേരെയും ഇതേ നിലപാടു തന്നെ എടുക്കണം. ഒത്തുതീർപ്പ് പൊതുഹിതത്തിനെ തിരാവരുത്.